**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **10-08-2023 - ൽ മറുപടിയ്ക്ക്**

**ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൽസ്യകർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മൽസ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനുമായി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ കൂടുതലായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ; | (എ) | വിവിധ മത്സ്യകൃഷിരീതികളിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി സുഭിക്ഷ കേരളം ജനകീയമത്സ്യകൃഷി പദ്ധതി പ്രകാരം അഡാക്ക് മുഖേന 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എരഞ്ഞോളി, തലായി, കല്ലാനോട്, പെരുവണ്ണാമൂഴി, ഉള്ള്യേരി, നിലമ്പൂർ, ബാണാസുരസാഗർ, കാരാപ്പുഴ, കൽപ്പറ്റ, പൊയ്യ, മണ്ണുത്തി, കടപ്പുറം, ഞാറയ്ക്കൽ, മാടവന, നീണ്ടകര, ആയിരംതെങ്ങ്, അഴീക്കൽ എന്നിവിടങ്ങളിലായി 17 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലറ്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി ഔട്ട് ലറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇതിന് പുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 121 ഫ്രാഞ്ചസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. ഇതിന് പുറമേ മത്സ്യഫെഡ് മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി യൂണിറ്റ് ഒന്നിന് 20 ലക്ഷം രൂപ അടങ്കൽ തുകയിൽ 20 യൂണിറ്റ് "ലൈവ് ഫിഷ് വെന്റിംഗ് സെന്റർ" കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുകയും ആയത് പ്രകാരം കൊല്ലം ജില്ലയിൽ 2 യൂണിറ്റും എറണാകുളം ജില്ലയിൽ 1 |

| | | | |
|---|---|---|---|
| | | | യൂണിറ്റും തുടങ്ങുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതി യിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തി വരുന്ന കൂട് മത്സ്യ കൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് മുഖേന ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലറ്റുകൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (ബി) | വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മൽസ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനം മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നടത്തിയിട്ടുണ്ട്. ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി ആരംഭിക്കാനുദ്ദേശിക്കുന്ന മൂല്യവർദ്ധിത ഉല്പാദന യൂണിറ്റിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ച്, സി.ഐ.എഫ്.റ്റി., സി.റ്റി.സി.ആർ.ഐ. തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായത്തോടെ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ